بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 05.01.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## വഖ്ഫെ ജദീദ് 67-ാമത് പുതുവർഷ വിളംബരം

اَشۡهَدُ اَنۡ لَّاۤاِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًاعَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

یٰۤاَیُّهَا الَّذِیۡنَ اٰمَنُوۡا هَلۡ اَدُلُّکُمۡ عَلٰی تِجَارَۃٍ تُنۡجِیۡکُمۡ مِّنۡ عَذَابٍ
اَلِیۡمٍ ﴿۱۱﴾ تُؤۡمِنُوۡنَ بِاللّٰهِ وَ رَسُوۡلِهٖ وَ تُجَاهِدُوۡنَ فِیۡ سَبِیۡلِ اللّٰهِ
بِاَمۡوَالِکُمۡ وَ اَنۡفُسِکُمۡ ؕ ذٰلِکُمۡ خَیۡرٌ لَّکُمۡ اِنۡ کُنۡتُمۡ تَعۡلَمُوۡنَ ﴿ۙ۱۲﴾
یَغۡفِرۡ لَکُمۡ ذُنُوۡبَکُمۡ وَ یُدۡخِلۡکُمۡ جَنّٰتٍ تَجۡرِیۡ مِنۡ تَحۡتِهَا الۡاَنۡهٰرُ
وَ مَسٰکِنَ طَیِّبَۃً فِیۡ جَنّٰتِ عَدۡنٍ ؕ ذٰلِکَ الۡفَوۡزُ الۡعَظِیۡمُ ﴿ۙ۱۳﴾

ഈ ആയത്തുകളുടെ അർഥം ഇപ്രകാരമാകുന്നു, വിശ്വസിച്ചവരേ, വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സമ്പത്തും ജീവിതവുംകൊണ്ട് പരിശ്രമിക്കുകയും ചെയ്യുക എന്നതാണത്. നിങ്ങളറിയുന്നുവെങ്കിൽ അതാണ് നിങ്ങൾക്ക് ഗുണകരം. (അപ്രകാരം ചെയ്താൽ) അവൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും താഴ്ഭാഗത്തൂടെ അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങളിലും ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധമായ ഭവനങ്ങളിലും നിങ്ങളെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതത്രെ മഹത്തായ വിജയം.

ഹദ്റത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: ഞാനും മൂസവി മസീഹിന്റെ അതേ കാൽപാടുകളിലാണ് അയക്കപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് ഈസാ(അ) കാരുണ്യവും ക്ഷമയും പഠിപ്പിച്ചതുപോലെ, ഞാനും കരുണയുടേയും പൊറുമയുടേയും അനുരഞ്ജനത്തിന്റേയും സഹവർത്തിത്വത്തിന്റേയും ഇസ്‌ലാമിക അധ്യാപനവുംകൊണ്ട് മുഹമ്മദീ മസീഹായായി അയക്കപ്പെട്ടിരിക്കുന്നു. ഈ കാലഘട്ടം ഇപ്പോൾ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന കാലഘട്ടമാണ്. വാൾകൊണ്ടുള്ള ജിഹാദിന്റെ സമയമല്ല. എന്നാൽ ഇസ്‌ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ തൂലികകൊണ്ടും പ്രബോധനം കൊണ്ടുമുള്ള ജിഹാദ് തുടരുന്നതാണ്. ഈ ജിഹാദ് തുടരാൻ ജീവനും സമ്പത്തും മാനവും ബലിയർപ്പിക്കാൻ ഇസ്‌ലാമിന്റെ തുടക്കത്തിൽ ത്യാഗങ്ങൾ ആവശ്യമായിരുന്നത്പോലെ തന്നെ ഇന്നും ആവശ്യമാണ്.

സാമ്പത്തിക മേൽക്കോയ്മ നേടാൻ ലോകത്ത് വലിയ ശ്രമങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ, ഇക്കൂട്ടർ മതം മറന്ന് ഭൗതിക ലോകത്തിലേക്ക് കൂടുതൽ ചായുന്നു. വ്യാപാരങ്ങളിലും ലൗകിക സുഖങ്ങളിലും ശ്രേഷ്ഠത കൈവരിക്കാൻ ലോകം അതിന്റെ ശ്രദ്ധയെ അങ്ങേയറ്റത്തേക്ക് എത്തിക്കാൻ ശ്രമിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ മതപ്രചാരണത്തിനായുള്ള ത്യാഗങ്ങൾ അല്ലാഹുവിന്റെ സാമിപ്യത്തിനുള്ള മാർഗവും വിജയകരമായ കച്ചവടവുമാണ്. അത് തന്നെയാണ് അല്ലാഹു ഈ സൂക്തങ്ങളിൽ പരാമർശിച്ചിരിക്കുന്നത്.

അതിനാൽ, വാഗ്ദത്ത മസീഹിന്റെ യുഗമായ ഈ കാലഘട്ടത്തിൽ, സാമ്പത്തിക ജിഹാദ് ഈ കാലഘട്ടത്തിലെ ഒരു പ്രധാന കടമയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പലയിടത്തും സാമ്പത്തിക ത്യാഗത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്ക് എന്തുപറ്റി? അതുപോലെ, പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക, നിങ്ങളുടെ സ്വന്തം കൈകൊണ്ട് നിങ്ങളെ നാശത്തിലകപ്പെടുത്തരുത്. അല്ലാഹു ആർക്കും കടം ബാക്കിവെക്കുന്നില്ല. ഇഹത്തിലും പരത്തിലും വിജയത്തിലേക്ക് നയിക്കുന്ന ഒരു കച്ചവടത്തിന്റെ വാർത്തയാണ് അവൻ നൽകിയിരിക്കുന്നത്. നല്ല ഉദ്ദേശത്തോടെ അല്ലാഹുവിന്റെ വഴിയിൽ ചെയ്യുന്ന ത്യാഗത്തെ അല്ലാഹു അനേകം ഇരട്ടിയായി വർധിപ്പിച്ചു നൽകുന്നു. ഇതു തന്നെയാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞത്.

ഇന്ന്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മതത്തിന്‌വേണ്ടി സാമ്പത്തിക ത്യാഗങ്ങൾ ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നത് അഹ്മദികൾ തന്നെയാണ്. പാവപ്പെട്ടവരുടെ നിസാര ത്യാഗങ്ങൾക്ക് അല്ലാഹു എത്രമാത്രം ഫലം നൽകുന്നുവെന്നത് ജമാഅത്തിന്റെ മുന്നേറ്റത്തിന്റെ തെളിവാണ്. ഞാൻ പലപ്പോഴും അത്തരം ഉദാഹരണങ്ങൾ വിവരിക്കാറുണ്ട്; ഇന്നും വിവരിക്കുന്നതാണ്. ഈ ഉദാഹരണങ്ങൾ തങ്ങളുടെ നിലവാരം എന്താണ് എന്നതിലേക്ക് സമ്പന്നരായ അഹ്മദികളുടെ ശ്രദ്ധ ആകർഷിക്കേണ്ടതാണ്.

പകുതി ഈത്തപ്പഴം നൽകിയെങ്കിലും അഗ്നിയിൽനിന്ന് സ്വയം രക്ഷപ്പെടണമെന്ന് തിരുനബി[സ] പറഞ്ഞിട്ടുണ്ട്. അതുപോലെ പിശുക്കിനെ സൂക്ഷിക്കുക എന്നും പറഞ്ഞു. ഈ പിശുക്കു തന്നെയാണ് മുൻകാല ജനതകളെ നശിപ്പിച്ചത്. സാമ്പത്തിക ആഹ്വാനം ഉണ്ടാകുമ്പോൾ ജോലിക്ക് പോകുകയും തങ്ങൾ സമ്പാദിച്ചതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുകയും ചെയ്യുമെന്നതായിരുന്നു തിരുനബി[സ]യുടെ സ്വഹാബത്തിന്റെ അവസ്ഥ. അത്തരം വിശ്വസ്തരെ അല്ലാഹു നബി[സ]യുടെ ദാസനായ മസീഹ് മൗഊദ്[അ]നും നൽകിയിട്ടുണ്ട്. അഹ്മദിയ്യത്തിന്റെ ചരിത്രം ഇത്തരം നിരവധി സംഭവങ്ങളാൽ നിറഞ്ഞതാണ്. ഈ ത്യാഗികളുടെ ആത്മാർഥത അല്ലാഹു പാഴാക്കിയില്ല. ആയതിനാൽ ആ സ്വഹാബികളുടെയും ത്യാഗികളുടെയും പിൻഗാമികൾ അല്ലാഹു അവർക്ക് നൽകിയതെല്ലാം ഈ മുൻഗാമികളുടെ ത്യാഗത്തിന്റെ ഫലമാണ് എന്ന് ഓർക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജമാഅത്തിലെ ഭൂരിപക്ഷവും ത്യാഗം ചെയ്യുന്നവരാണ്. അത്തരം ഉദാഹരണങ്ങൾ ആഫ്രിക്കയിലും പാക്കിസ്ഥാനിലും ഉണ്ട്. ഇന്ത്യയിൽനിന്നും അത്തരം ഉദാഹരണങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

റിപ്പബ്ലിക് ഓഫ് സെൻട്രൽ ആഫ്രിക്ക, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, ഫിലിപ്പൈൻ, കാമറൂൺ, ടാൻസാനിയ, ടോഗോ, ഇന്തോനേഷ്യ, ഓസ്ട്രേലിയ തുടങ്ങി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആത്മാർഥരുടെ വഖ്ഫെ ജദീദ് ചന്ദഃയുമായി ബന്ധപ്പെട്ട വിശ്വാസ വർധക സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഹുസൂർ തുടർന്ന് പറഞ്ഞു:

ഇന്ത്യയിലെ സാവന്ത്‌വാഡിയിൽ നിന്നുള്ള ഒരു അഹ്മദി സിറാജ് സാഹിബ് പറയുന്നു: സാമ്പത്തിക ത്യാഗത്തിന്റെ അനുഗ്രഹം ഞാൻ സ്വന്തം കണ്ണുകൊണ്ട് കണ്ടിട്ടുണ്ട്; കൊവിഡ് കാരണം വഖഫ് ജദീദിന്റെ ചന്ദഃ കുടിശ്ശിക ആയിരുന്നു. രണ്ടുമൂന്നു വർഷമായി മഴവെള്ളം കാരണത്താൽ തോട്ടത്തിലെ മരം നശിച്ചുകൊണ്ടിരുന്നതിനാൽ വാങ്ങുന്നവരെ അന്വേഷിച്ചെങ്കിലും ആളെ കണ്ടെത്താനായില്ല. ആദ്ദേഹം പറയുന്നു: ഇൻസ്പെക്ടർ വഖഫ് ജദീദ് വന്ന് ചന്ദഃ ആവശ്യപ്പെട്ടപ്പോൾ ആ വ്യക്തി ഉടൻ തന്നെ രണ്ടായിരം രൂപ എടുത്ത് നൽകി. രണ്ടു ദിവസത്തിനകം, (മുമ്പ്) വില നിശ്ചയിച്ചിട്ടും സാധനം എടുക്കാതിരുന്നയാൾ പെട്ടെന്ന് വന്ന് ഇരുപതിനായിരം രൂപ തന്ന് സാധനങ്ങൾ എല്ലാം കൊണ്ടുപോയി. ചന്ദഃയുടെ അനുഗ്രഹം കൊണ്ട് രണ്ടായിരം രൂപയെ ഇരുപതിനായിരമായി വർധിപ്പിച്ച് അല്ലാഹു എനിക്ക് തിരികെ തന്നു എന്നതാണ് എന്റെ വിശ്വാസം. വർഷങ്ങളായി നഷ്ടപ്പെട്ടുകൊണ്ടിരുന്നത് തുടർന്നും നഷ്ടപ്പെടാമായിരുന്നു.

ലോകമെമ്പാടുമുള്ള സാമ്പത്തിക ത്യാഗത്തിന്റെ വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന സംഭവങ്ങൾ വിവരിച്ചശേഷം ഹുസൂർ അൻവർ പറഞ്ഞു: ഹദ്റത് മസീഹ് മൗഊദ്[അ]ന് ലോകത്തിന്റെ എല്ലാ കോണുകളിലും എത്തരത്തിലുള്ള വിശ്വസ്തരെയാണ് അല്ലാഹു നൽകി അനുഗ്രഹിച്ചിട്ടുള്ളത്. ഇത് ഒരു നീണ്ട പട്ടികയാണ്; ആരെ പരാമർശിക്കണമെന്നും ആരെ ഒഴിവാക്കണമെന്നും തീരുമാനിക്കാൻ എനിക്ക് ബുദ്ധിമുട്ടായിരുന്നു. എനിക്ക് വിവരിക്കാൻ കഴിയാത്ത സംഭവങ്ങളിലെ ആളുകളുടെ ആത്മാർത്ഥതയ്ക്കും വിശ്വസ്തതയ്ക്കും ഒരു കുറവുമില്ല. ഈ ആളുകൾ ഈ ത്യാഗങ്ങൾ ചെയ്തത് അല്ലാഹുവിന്റെ തൃപ്തിക്ക്‌വേണ്ടിയാണ്. ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: ഞാൻ തയ്യാറായി നിൽക്കുകയാണ്, നിങ്ങളുടെ സമ്പത്തിൽനിന്ന് ദീനീ ആവശ്യങ്ങൾക്ക് നിങ്ങൾ പിന്തുണ നൽകുക. ദൈവം ശക്തിയും വിശാലതയും നൽകിയ ഓരോ വ്യക്തിയും ഈ കാര്യത്തിൽ മടിക്കാതിരിക്കുക. അല്ലാഹുവിനേക്കാളും അവന്റെ ദൂതനേക്കാളും തന്റെ സമ്പത്തിനു മുൻഗണന നൽകാതിരിക്കുക. അല്ലാഹുവിന്റെ പരിശുദ്ധാത്മാവ് എനിക്ക് നൽകിയ അറിവും അനുഗ്രഹങ്ങളും ഏഷ്യയിലെയും യൂറോപ്പിലെയും രാജ്യങ്ങളിൽ എനിക്ക് കഴിയുന്നിടത്തോളം സമാഹാരങ്ങളിലൂടെ പ്രചരിപ്പിക്കുന്നതാണ്.

അതിനു ശേഷം, ഹുസൂർ അൻവർ വഖ്ഫ് ജദീദിന്റെ അറുപത്തിയാറാം വർഷത്തിന്റെ വിവരങ്ങളെയും അറുപത്തിയേഴാം വർഷത്തിന്റെ ആരംഭത്തേയും പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഗോള അഹ്മദിയ്യാ ജമാഅത്ത് ഒരു കോടി 29 ലക്ഷത്തി 41 ആയിരം പൗണ്ടിന്റെ ധനത്യാഗം വഖ്ഫെ ജദീദിൽ നൽകി.

ഈ വുസൂലി കഴിഞ്ഞ വർഷത്തേക്കാൾ ഏഴു ലക്ഷത്തി 80,000 പൗണ്ട് കൂടുതലാണ്.

ഈ വർഷം മൊത്തത്തിലുള്ള വുസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടന് ഒന്നാം സ്ഥാനവും പിന്നെ കാനഡയുമാണ്. കാനഡയും നല്ല വർധനവ് വരുത്തി. അവർ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കൂടുതൽ വർധനവ് വരുത്തി. ഇതാണ് ഈ വർഷത്തെ അവരുടെ മികച്ച ഗുണം. പിന്നെ ജർമ്മനി മൂന്നാം സ്ഥാനത്താണ്, നാല് അമേരിക്ക, തുടർന്ന് പാകിസ്ഥാൻ, ഇന്ത്യ, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റിൽനിന്നുള്ള ഒരു ജമാഅത്ത്, ഇന്തോനേഷ്യ, മിഡിൽ ഈസ്റ്റിൽ നിന്നുള്ള മറ്റൊരു ജമാഅത്ത്. പിന്നെ ബെൽജിയവും ആണ്.

ആഫ്രിക്കൻ ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്ത് മൗറീഷ്യസ് ആണ്; പിന്നെ ഘാന. ബുർക്കിനഫാസോ. ബുർക്കിന ഫാസോയുടെ അവസ്ഥ വളരെ മോശമായിരുന്നിട്ടും, ആഫ്രിക്കയിൽ അത് ഇപ്പോഴും മൂന്നാം സ്ഥാനത്താണ്. (പിന്നീടുള്ളത്) ടാൻസാനിയ, നൈജീരിയ, ലൈബീരിയ, ഗാംബിയ, മാലി, ഉഗാണ്ട, സിറാലിയോൺ.

പങ്കാളികളുടെ എണ്ണം പതിനഞ്ച് ലക്ഷത്തി അൻപതിനായിരം ആണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം നാല്പത്തി ഒന്നായിരം പുതിയ ആളുകൾ പങ്കാളികളായി. പങ്കെടുക്കുന്നവരുടെ വർധനവിന്റെ കാര്യത്തിൽ കാനഡ ഒന്നാം സ്ഥാനത്തും പിന്നെ ടാൻസാനിയ, കാമറൂൺ, ഗാംബിയ, നൈജീരിയ, ഗിനിബിസാവു, കോംഗോ, കിൻഷാസ എന്നിവയാണ്.

ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ്. തുടർന്ന് തമിഴ്നാട്, ജമ്മു കശ്മീർ, തെലങ്കാന, കർണാടക, ഒഡീഷ, പഞ്ചാബ്, പശ്ചിമ ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര.

വുസൂലിയുടെ അടിസ്ഥാനത്തിൽ ആദ്യ 10 ജമാഅത്തുകളിൽ ഹൈദരാബാദ് ആണ് ഒന്നാം സ്ഥാനത്ത്. (തുടർന്ന് ) കോയമ്പത്തൂർ, ഖാദിയാൻ, കോഴിക്കോട്, മഞ്ചേരി, ബാംഗ്ലൂർ, മേലെപ്പാളയം, കൽക്കട്ട, കരുളായി, കേരംഗ്.

അല്ലാഹു ഈ എല്ലാവരുടേയും സമ്പത്തിലും ആത്മാവിലും അനുഗ്രഹം നൽകട്ടെ.

ഖുത്ബയുടെ അവസാനം ഹുസൂർ പറഞ്ഞു: ഞാൻ പലസ്തീനിനുവേണ്ടി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അവരെ ഇപ്പോഴും ഓർക്കുക. അവരുടെ അവകാശങ്ങൾക്കായി തങ്ങളുടെ ചുറ്റുപാടുമുള്ളവരിൽ ശബ്ദമുയർത്തിക്കൊണ്ടേയിരിക്കണമെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. ജനങ്ങളോടും പ്രത്യേകിച്ച് രാഷ്ട്രീയക്കാരോടും പറഞ്ഞുകൊണ്ടിരിക്കുക. ഇസ്റയേൽ ഭരണകൂടം അവരുടെ ക്രൂരതകൾ അവസാനിപ്പിക്കുമെന്ന് തോന്നുന്നില്ല. മറിച്ച് ഇപ്പോൾ അവർ സൈനികർക്ക് 2024 ഉം യുദ്ധത്തിന്റെ വർഷമാണ് എന്ന സന്ദേശം നൽകിയിരിക്കുന്നു. ഫലസ്തീനികളുടെമേൽ അല്ലാഹു കരുണ കാണിക്കട്ടെ. ഇതിൽനിന്ന് ഇപ്പോൾ പറയുന്നത് റീജിയണിൽ യുദ്ധം പടരാനുള്ള സാധ്യതയുണ്ടെന്നും തുടർന്ന് ലോകയുദ്ധം ഉണ്ടായേക്കാമെന്നുമാണ്. ബേറൂത്തിന്റെ പരിസരപ്രദേശത്തും അവർ ബോംബാക്രമണം ആരംഭിച്ചിട്ടുണ്ട്. ഇത് ഇപ്പോൾ വ്യാപിച്ചുകൊണ്ടിരിക്കുന്നു. പ്രത്യക്ഷത്തിൽ, യുഎസ് സർക്കാർ അവരുടെ യുദ്ധം പരിമിതപ്പെടുത്താൻ പറയുന്നു; പക്ഷേ അത് വാക്കുകൾ മാത്രമാണെന്ന് മനസ്സിലാകുന്നു. അവരുടേത് പതിഞ്ഞ ശബ്ദങ്ങളാണ്. ഫലസ്തീനികളെ ഗാസയിൽനിന്ന് പുറത്താക്കി ഈ ഭൂമി വീണ്ടും കൈവശപ്പെടുത്തുക എന്നതാണ് അവരുടെ യഥാർത്ഥ പദ്ധതിയെന്ന് തോന്നുന്നു. അല്ലാഹു ഫലസ്തീനികളോടും മുസ്ലിംകളോടും കരുണ കാണിക്കട്ടെ. അവർക്കും ബുദ്ധിയും വിവേകവും നൽകട്ടെ. കാലത്തിന്റെ ഇമാമിന്റെ ശബ്ദം കേൾക്കുന്നതിലേക്കും വിശ്വസിക്കുന്നതിലേക്കും അവരെ ശ്രദ്ധ തിരിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاۗئِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاۗءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 05.01.2024

Malayalam Translation & Typing: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516